# 5
# എന്റെ കേരളം

പച്ചയാം വിരിപ്പിട്ട സഹ്യനിൽ തലവെച്ചും
സ്വച്ഛാബ്ധി മണൽത്തിട്ടാം പാദോപധാനം പൂണ്ടും
പള്ളികൊണ്ടീടുന്ന നിൻ പാർശ്വയുഗ്മത്തെ കാത്തു
കൊള്ളുന്നു കുമാരിയും ഗോകർണ്ണേശനമമ്മേ..........

കേരളത്തെപ്പറ്റി മഹാകവി വള്ളത്തോൾ ഇങ്ങനെ പാടുന്നു.

ഇന്ത്യയുടെ തെക്കുപടിഞ്ഞാറു ഭാഗത്ത് നീണ്ടു കിടക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. 44 നദികൾ ഈ സംസ്ഥാനത്ത് കൂടി ഒഴുകുന്നു. ഈ നാടിന് തനതായ ഭാഷയും സംസ്കാരവും സാഹിത്യവും കലയുമുണ്ട്. തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ മൂന്ന് വ്യത്യസ്ത പ്രദേശങ്ങളായി കിടന്നിരുന്ന ഭാഗങ്ങളെ കൂട്ടിച്ചേർത്ത് 1956 നവംബർ 1 ന് കേരള സംസ്ഥാനം രൂപം കൊണ്ടു.

ഇന്ത്യാ ഉപഭൂഖണ്ഡത്തിന്റെ തെക്കേയറ്റത്ത് കിടക്കുന്ന നമ്മുടെ നാടിനെപ്പറ്റി കുട്ടികൾ പത്ര മാധ്യമങ്ങളിലൂടെ പ്രാഥമിക ധാരണകൾ നേടിയിട്ടുണ്ട്. ഈ ധാരണകൾ വികസിക്കാനാവശ്യ മായ പ്രവർത്തനങ്ങളാണ് ഈ യൂണിറ്റിൽ ചേർത്തിട്ടുള്ളത്.

ഈ യൂണിറ്റിൽ രണ്ടു മൊഡ്യൂളുകളാണുള്ളത്. ഒന്നാമത്തെ മൊഡ്യൂളിൽ കേരളത്തിലെ ജില്ലകൾ, വിനോദസഞ്ചാരകേന്ദ്രങ്ങൾ, വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ, വന്യജീവിസങ്കേത ങ്ങൾ എന്നിവയെക്കുറിച്ച് ദ്വിതീയ വിവരശേഖരണം, ഭൂപട വായന എന്നിവയിലൂടെ ആശയരൂ പീകരണം നടത്തുന്നു.

രണ്ടാമത്തെ മൊഡ്യൂളിൽ ദ്വിതീയ വിവരശേഖരണം, ഭൂപടവായന എന്നിവയിലൂടെ കുട്ടികൾ അവരുടെ ജില്ലയെക്കുറിച്ചുള്ള ആശയം രൂപീകരിക്കുന്നു.

ഇത്തരം പ്രവർത്തനങ്ങളിലൂടെ കടന്നുപോകുന്ന കുട്ടികൾ സ്വന്തം നാടിനെക്കുറിച്ചും നാടിന്റെ സാംസ്കാരികപാരമ്പര്യത്തെകുറിച്ചും അഭിമാനം കൊള്ളുന്നവരാകണം.

## മോഡ്യൂൾ 1

**പ്രശ്ന മേഖല: സാംസ്കാരികത്തനിമയെക്കുറിച്ചും അതിന്റെ സ്വതന്ത്രവികാസത്തെക്കുറിച്ചുമുള്ള ധാരണയില്ലായ്മ**

| ആശയങ്ങൾ | പ്രക്രിയകളും കഴിവുകളും | പ്രകടിതരൂപം | വിലയിരുത്തൽ |
|---|---|---|---|
| • കേരളത്തിൽ പ്രത്യേക പ്രാധാന്യമുള്ള പല സ്ഥലങ്ങളുമുണ്ട്. (തലസ്ഥാനം, തുറമുഖം, വിമാനത്താവളം വിനോദസഞ്ചാര കേന്ദ്രങ്ങൾ, വന്യജീവി സങ്കേതങ്ങൾ) | • യാത്രാക്കുറിപ്പ് വിശകലനം ചെയ്തും ചിത്രങ്ങൾ, ഭൂപട വായന, ദ്വിതീയ വിവരശേഖരണം എന്നിവയിലൂടെയും കേരളത്തെക്കുറിച്ചുള്ള ധാരണ കൈവരിക്കുന്നു. | • കുറിപ്പ് - മരിയ സഞ്ചരിച്ച സ്ഥലങ്ങൾ. <br> • നിറയുന്ന ഭൂപടം ആൽബം-കേരളം. | • ഭൂപട വായനയിലെ മികവ് - ടീച്ചർ. <br> • കുറിപ്പ് .പരസ്പരം <br> • ആൽബം-പരസ്പരം |

| | | |
|---|---|---|
| പഠനസാമഗ്രികൾ | : | • കേരളത്തിന്റെ രാഷ്ട്രീയ ഭൂപടം, ഇയർ ബുക്കുകൾ<br>• സി.ഡി- വിനോദ സഞ്ചാര കേന്ദ്രങ്ങൾ - കേരളം- SIET<br>• ചാർട്ട്, പശ. |
| പ്രതീക്ഷിത സമയം | : | • 4 മണിക്കൂർ |

**മരിയയുടെ സഞ്ചാരം**

വിനോദസഞ്ചാരത്തിനായി പല വിദേശികളും കേരളത്തിൽ എത്താറുണ്ട്. മരിയയെന്ന വിദേശ വനിതയുടെ സഞ്ചാരക്കുറിപ്പിൽ നിന്നുള്ള പാഠഭാഗം (പേജ്- 34) കുട്ടികൾ വ്യക്തിഗതമായി വായിക്കട്ടെ. തുടർന്ന് ലഘുചർച്ചയാവാം.

- മരിയയെ ആകർഷിച്ച കേരളത്തിന്റെ പ്രത്യേകതകൾ എന്തൊക്കെ?
- തിരുവനന്തപുരത്തു നിന്ന് കാസർഗോഡ് വരെ നേരിട്ട് തീവണ്ടിയിൽ യാത്ര ചെയ്താൽ ഏതെല്ലാം ജില്ലകളിലൂടെ കടന്നുപോകാം?
- തീവണ്ടിയാത്രയിൽ കടന്ന് പോകാത്ത ജില്ലകളുണ്ടോ?

കുട്ടികൾ പാഠപുസ്തകത്തിൽ (പേജ് - 36) കൊടുത്ത കേരളത്തിന്റെ ഭൂപടം പരിശോധിച്ച് കണ്ടെത്തി പരിസരപുസ്തകത്തിൽ രേഖപ്പെടുത്തട്ടെ. ഓരോരുത്തർക്കും അവതരിപ്പിക്കാം.

**കണ്ടെത്താം**

മരിയ കേരളത്തിലെ പല വിനോദസഞ്ചാര കേന്ദ്രങ്ങളും സന്ദർശിച്ചിട്ടുണ്ട്. അതിൽ ചില സ്ഥലങ്ങളുടെ ചിത്രങ്ങൾ പാഠപുസ്തകത്തിൽ (പേജ് 34, 35) കൊടുത്തിരിക്കുന്നു. ഇവയുടെ പ്രത്യേകതകൾ എന്തൊക്കെയെന്ന് ദ്വിതീയ വിവരശേഖരണത്തിലൂടെ കണ്ടെത്തി കുട്ടികൾ അവതരിപ്പിക്കട്ടെ.

- മരിയ സന്ദർശിച്ച സ്ഥലങ്ങളുടെ പേരിൽ കുട്ടികളെ ഗ്രൂപ്പുക്കളാക്കാം/മറ്റ് രീതികളും തിരഞ്ഞെടുക്കാം.
- ഓരോ ഗ്രൂപ്പിനും വിവരശേഖരണത്തിന് ആവശ്യമായ പുസ്തകങ്ങൾ, സി.ഡി നിരീക്ഷിക്കാനുള്ള അവസരം എന്നിവ നൽകണം.

> ഇയർ ബുക്കുകൾ, ടൂറിസ്റ്റ് ഗൈഡുകൾ, കേരളം - SIET സി.ഡി കേരളത്തിന്റെ ടൂറിസ്റ്റ് മാപ്പ്.

- ഒരു ഗ്രൂപ്പ് ഏതെങ്കിലും ഒരു സ്ഥലത്തെക്കുറിച്ചുള്ള കുറിപ്പ് തയാറാക്കിയാൽ മതിയാകും. സ്ഥലം, അതിന്റെ പ്രാധാന്യം, പ്രത്യേകതകൾ, ഏതു ജില്ലയിൽ പെടുന്നു തുടങ്ങിയ കാര്യങ്ങൾ കുറിപ്പിൽ ഉൾപ്പെടണം.
- ഗ്രൂപ്പുകൾ തങ്ങളുടെ കുറിപ്പുകൾ ചാർട്ടു പേപ്പറിൽ ഭംഗിയായി എഴുതി അവതരിപ്പിക്കട്ടെ. ഇത് സയൻസ് കോർണറിൽ പ്രദർശിപ്പിക്കാം.
- കുറിപ്പുകൾ പരസ്പരം കൈമാറി തങ്ങളുടെ പരിസരപുസ്തകത്തിൽ കുട്ടികൾക്കു രേഖപ്പെടുത്താം.

**ഞാൻ സന്ദർശിച്ച സ്ഥലം**

മരിയ സന്ദർശിച്ച സ്ഥലങ്ങൾ കുട്ടികൾ പരിചയപ്പെട്ടല്ലോ.

മരിയ സന്ദർശിച്ച സ്ഥലങ്ങളോ മറ്റേതെങ്കിലും സ്ഥലങ്ങളോ നിങ്ങൾ സന്ദർശിച്ചിട്ടുണ്ടോ എന്ന ചോദ്യം അവതരിപ്പിക്കാം. തുടർന്ന് പേജ് 37 ലെ പട്ടിക കുട്ടികൾ പൂരിപ്പിക്കട്ടെ. കുട്ടി തന്റെ

ചുറ്റുപാടുള്ള സ്ഥലങ്ങൾ മാത്രമേ സന്ദർശിച്ചിട്ടുണ്ടാവുകയുള്ളൂ എങ്കിലും അത് കുട്ടികളെ സംബന്ധിച്ചിടത്തോളം പ്രധാനമാണ്. തുടർന്ന് ക്ലാസിൽ കൂടുതൽ സ്ഥലം സന്ദർശിച്ച കുട്ടിയെ കണ്ടെത്താം.

**അന്വേഷിക്കാം, പതിപ്പ് നിർമിക്കാം**

കേരളത്തെക്കുറിച്ച് ചില വിവരങ്ങൾ കൂടി കുട്ടികൾ അന്വേഷിച്ച് കണ്ടെത്തേണ്ടതുണ്ട്. എന്തൊക്കെയാണവ?

- കേരളത്തിന്റെ പ്രത്യേകത- ജില്ലകളുടെ പേര്, അതിർത്തി, അയൽ സംസ്ഥാനങ്ങൾ, ഭാഷ, സംസ്ഥാന ചിഹ്നങ്ങൾ
- ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ

� വിവരശേഖരണത്തിനായി എന്തൊക്കെ സാമഗ്രികളാണ് ഒരുക്കേണ്ടത്?

- കേരളത്തിന്റെ രാഷ്ട്രീയ ഭൂപടം
- ഇയർ ബുക്കുകൾ
- കേരളത്തെക്കുറിച്ച് SIET ഇറക്കിയ സി.ഡികൾ നിരീക്ഷിക്കൽ

കുട്ടികൾ ശേഖരിച്ച വിവരങ്ങൾ, ചിത്രങ്ങൾ, എന്നിവ ഉൾപ്പെടുത്തി പതിപ്പ് നിർമിക്കാം.

- പതിപ്പിന് ആകർഷകമായ പേര് നൽകാം.
- പതിപ്പ് ക്ലാസ് പിടിഎ യോഗത്തിൽ പ്രദർശിപ്പിക്കാം.

**വിലയിരുത്തലിൽ എന്തൊക്കെ ഉൾപ്പെടണം?**

- വിവരശേഖരണ പ്രക്രിയ
- പതിപ്പ്
- പതിപ്പിനെക്കുറിച്ചുള്ള കുട്ടികളുടെ പരസ്പര വിലയിരുത്തൽ

**ജിഗ്സോ**

ജിഗ്സോ പസിലുകൾക്ക് ഉത്തരം കണ്ടെത്താൻ കുട്ടികൾക്കിഷ്ടമായിരിക്കും. കേരളത്തിലെ ജില്ലകൾ ക്രമീകരിക്കുന്നതിലൂടെ സംസ്ഥാന ഭൂപടത്തെക്കുറിച്ച് ധാരണലഭിക്കുന്നതിന് ഇതുപയോഗിച്ച് ഒരു മത്സരമാകാം. ഓരോ ഗ്രൂപ്പിനും കേരളത്തിന്റെ ഭൂപടത്തിൽ നിന്ന് ജില്ലകൾ വെവ്വേറെ വെട്ടിയുണ്ടാക്കിയ കഷണങ്ങൾ വേണം. ഗ്രൂപ്പിലെ കുട്ടികളുടെ എണ്ണത്തിന്റെ അത്രയും തവണ മത്സരം നടത്തണം. നിശ്ചിത സമയത്തിനുള്ളിൽ ഏറ്റവും കൂടുതൽ പ്രാവശ്യം കഷണങ്ങൾ കൂട്ടിച്ചേർത്ത ഗ്രൂപ്പേത്?

കേരളത്തിന്റെ ജിഗ്സോ കഷണങ്ങൾ എങ്ങനെയാണ് നിർമിക്കുന്നത്? ജില്ലാ അതിരുകൾ കാണിക്കുന്ന കേരളത്തിന്റെ ഭൂപടം ഫോട്ടോ കോപ്പിയെടുത്ത് കട്ടിക്കടലാസിൽ/കാർഡുബോർഡിൽ ഒട്ടിച്ച ശേഷം ജില്ലകളെ മുറിച്ച് വേർപെടുത്താം.

കമ്പ്യൂട്ടർ ഉപയോഗിച്ച് ജിഗ്സോപസിൽ കളിക്കാൻ Knowledge Adventure എന്ന സി.ഡി/ അക്ഷയ സി.ഡി ഉപയോഗിക്കാം.

**നിറയുന്ന ഭൂപടം**

കേരളത്തിലെ ജില്ലകളുമായി ബന്ധപ്പെട്ട് വരുന്ന വാർത്തകളുപയോഗിച്ച് ഒരു ഭൂപടം നിർമിച്ചാലോ?

ആദ്യം കുട്ടികൾ ഗ്രൂപ്പു തിരിയട്ടെ. ഓരോ ഗ്രൂപ്പും വലിയ ചാർട്ട് ഷീറ്റിൽ കേരളത്തിന്റെ ഔട്ട്ലൈൻ മാപ്പ് വരയ്ക്കട്ടെ. (ട്രെയ്സ് എടുത്താലും മതി) വ്യത്യസ്ത ദിവസങ്ങളിലായി വരുന്ന പത്രങ്ങളിലെ ജില്ലാവാർത്തകൾ ശേഖരിച്ച് മാപ്പിൽ ജില്ലയുടെ സ്ഥാനത്ത് ഒട്ടിക്കാം. മാപ്പ് പൂർത്തിയായതിന് ശേഷം ഓരോ ഗ്രൂപ്പിന്റെയും സൃഷ്ടിയെ മറ്റുള്ളവർ വിലയിരുത്തട്ടെ.

**എന്റെ കേരളം- പ്രശ്നോത്തരി**

കേരളത്തെക്കുറിച്ചുള്ള ചോദ്യാവലി ഉപയോഗിച്ച് ക്ലാസിൽ ഒരു ക്വിസ് പരിപാടി നടത്താം. പ്രശ്നോത്തരിക്ക് ആവശ്യമായ ചോദ്യങ്ങൾ കുട്ടികളെ ഗ്രൂപ്പുതിരിഞ്ഞ് കണ്ടെത്തട്ടെ. ചോദ്യങ്ങൾ ചോദിക്കുന്നതിനുള്ള മുൻഗണനാക്രമം അതാതു ഗ്രൂപ്പുകൾക്കു നിശ്ചയിക്കാം. ചോദ്യങ്ങൾ ആവർത്തിക്കാൻ പാടില്ല.

ക്വിസ് നടക്കുന്ന വിവരവും നിബന്ധനകളും മുൻകൂട്ടി പറയുന്നത് കൂടുതൽ കാര്യങ്ങൾ അന്വേഷിച്ചറിയുന്നതിന് (മുതിർന്നവരിൽ നിന്നും പുസ്തകങ്ങളിൽ നിന്നും) കുട്ടികൾക്ക് പ്രേരണ നൽകും. എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്താൻ എന്തു തന്ത്രമാണ് ടീച്ചർ സ്വീകരിക്കുക?



ഈ പാഠത്തിലൂടെ രൂപീകരിക്കേണ്ട ആശയങ്ങളും പ്രക്രിയയും പരിശോധിച്ചപ്പോൾ എനിക്കു ബോധ്യപ്പെട്ട ഒരു കാര്യം നമ്മുടെ സംസ്ഥാനത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ മനസ്സിലാക്കുന്നതിനൊപ്പം തന്നെ പ്രാധാന്യമുള്ളതാണ് ദ്വിതീയ വിവരശേഖരണത്തിലൂടെ പ്രശ്നപരിഹരണത്തിനാവശ്യമായ വിവരങ്ങൾ കണ്ടെത്തുക എന്നതും.

കുട്ടികൾക്കു ലഭ്യമാക്കേണ്ട വിവരങ്ങൾ പാഠപുസ്തകത്തിൽ നൽകാതെ അധ്യാപക സഹായിയിൽ നൽകിയിരിക്കുന്നത് അവ നേരിട്ടു പറഞ്ഞു കൊടുക്കാൻ വേണ്ടിയല്ല, ആ വിവരങ്ങളെ ക്രമരഹിതമായി ഇടകലർത്തിയുള്ള വിവിധ മെറ്റീരിയലുകളായി കുട്ടികൾക്കു മുന്നിൽ അവതരിപ്പിക്കാൻ വേണ്ടിയാണ് എന്നു ഞാൻ മനസ്സിലാക്കി. കിട്ടിയ മെറ്റീരിയലുകളിൽ നിന്ന് പ്രശ്നപരിഹരണത്തിനാവശ്യമായ വിവരങ്ങൾ കണ്ടെത്തി ശേഖരിച്ച് ആവശ്യത്തിനനുസരിച്ച് ക്രമപ്പെടുത്തി ഉപയോഗിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകി. അത്തരത്തിൽ വിവരശേഖരണം നടത്താൻ കുട്ടിയെ പ്രേരിപ്പിക്കുന്ന ഒരു പ്രശ്നമാണ് ഞാൻ കുട്ടികളുടെ മുന്നിൽ ഉയർത്തിയത്.

- കേരളത്തിലെ ഏറ്റവും സന്ദർശന പ്രാധാന്യമുള്ള ജില്ലയേത്?

കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ, വന്യജീവി സങ്കേതങ്ങൾ, വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ, ചരിത്രപരവും സാംസ്കാരികവുമായി പ്രാധാന്യമുള്ള സ്ഥലങ്ങൾ, റെയിൽ സൗകര്യം എന്നീ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി വിവരശേഖരണം കൃത്യമാക്കി.

വിമാനത്താവളങ്ങൾ, വന്യജീവി സങ്കേതങ്ങൾ, തുറമുഖങ്ങൾ, റെയിൽ സൗകര്യം എന്നിവ കണ്ടെത്താൻ TB, HB ഭൂപടങ്ങളും വിനോദസഞ്ചാര കേന്ദ്രങ്ങൾ, പ്രധാനസ്ഥലങ്ങൾ എന്നിവ കണ്ടെത്താൻ HB യിലെ പട്ടികകളും ചാർട്ട് രൂപത്തിൽ പ്രദർശിപ്പിച്ചു.

ഒരു ജില്ലയുടെ വിവരങ്ങളെല്ലാം ഒന്നിച്ച് ഒരു പട്ടികയിൽ നിന്ന് കിട്ടുന്ന തരത്തിൽ നൽകാതിരിക്കാൻ ഞാൻ ശ്രദ്ധിച്ചു. വിവിധ പട്ടികകളും ഭൂപടങ്ങളും

പരിശോധിച്ച് ജില്ലയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്ന വിധത്തിൽ ചാർട്ടുകളും ഭൂപടങ്ങളും ക്ലാസിൽ സജ്ജീകരിച്ചു.

- കുട്ടികളെ ഗ്രൂപ്പുകളാക്കി. ഓരോ ഗ്രൂപ്പിനും 2 വീതം ജില്ലകൾ പഠനത്തിനായി നൽകി
- ഓരോ ജില്ലയെക്കുറിച്ചും തയാറാക്കേണ്ട കുറിപ്പിൽ ഉൾക്കൊള്ളിക്കേണ്ട വിവരങ്ങൾ എന്തൊക്കെയെന്ന് കുട്ടികളുമായി ചർച്ച ചെയ്ത് തീരുമാനിച്ചു.
- വിവരങ്ങൾ ശേഖരിക്കാനാവശ്യമായ മെറ്റീരിയലുകൾ, (ചാർട്ടുകൾ, ഭൂപടങ്ങൾ) മറ്റ് വായനാസമഗ്രികൾ (ഇയർബുക്കുകൾ, പുസ്തകങ്ങൾ) എന്നിവ സജ്ജീകരിച്ചു.
- ശേഖരിച്ച വിവരങ്ങൾ ഗ്രൂപ്പിൽ പട്ടികപ്പെടുത്തി പട്ടിക അപഗ്രഥിച്ച് അവർ നിഗമനങ്ങൾ തയാറാക്കി.
- നിഗമനങ്ങൾ ഓരോഗ്രൂപ്പും പൊതുവായി അവതരിപ്പിച്ചു. പൊതുനിഗമനം രൂപപ്പെടുത്തി ഓരോ ഗ്രൂപ്പും കിട്ടിയ ജില്ലയെക്കുറിച്ചുള്ള കുറിപ്പുകൾ തയാറാക്കി അവതരിപ്പിച്ചു.

മിക്കജില്ലകളും സന്ദർശന പ്രാധാന്യമുള്ളതാണെന്ന് പൊതുവായ നിഗമനത്തിലെത്തി.

- കേരളത്തിലെ നദികൾ : 44

കിഴക്കോട്ട് ഒഴുകുന്നത് : 3 – കബനി, ഭവാനി, പാമ്പാർ.

## <u>വന്യജീവി സങ്കേതങ്ങൾ</u>

| വന്യജീവി സങ്കേതങ്ങൾ | ജില്ല | പ്രധാനപ്പെട്ട ജീവികൾ |
|---|---|---|
| ഇരവികുളം | ഇടുക്കി | വരയാട് |
| നെയ്യാർ | തിരുവനന്തപുരം | സിംഹം, ആന, ചീങ്കണ്ണി,കാട്ടുപോത്ത്, മ്ലാവ്, കേഴമാൻ, കാട്ടുപന്നി, വരയാട്, കടുവ, പുലി |
| പേപ്പാറ | തിരുവനന്തപുരം | ആന, കടുവ, പുള്ളിപ്പുലി കാട്ടുപോത്ത്, കാട്ടുനായ, കരടി, മുള്ളൻപന്നി, സിംഹവാലൻ |
| ശെന്തുരുണി | കൊല്ലം | കരിങ്കുരങ്ങ്, ആന, കാട്ടുപോത്ത്, കേഴമാൻ, കഴുകൻ |
| സൈലന്റ്‌വാലി | പാലക്കാട് | സിംഹവാലൻ കുരങ്ങ്, കടുവ, റോക്ക് പെരുമ്പാമ്പ്, അപൂർവങ്ങളായ പാമ്പുകൾ, ചിത്രശലഭങ്ങൾ |
| പെരിയാർ റിസർവ് (തേക്കടി) | ഇടുക്കി | കടുവ, ആന, കാട്ടുപോത്ത്, മ്ലാവ്, മാൻ, സിംഹവാലൻ, കരടി. |
| ഇടുക്കി വന്യജീവി സങ്കേതം | ഇടുക്കി | ആന, കാട്ടുപോത്ത്, കടുവ, പുലി |
| ചിന്നാർ വന്യജീവി സങ്കേതം | ഇടുക്കി | ആന, കടുവ, പുലി, പുള്ളിമാൻ, കരിങ്കുരങ്ങ്, കാട്ടുപോത്ത്, വരയാട് |

| വന്യജീവി സങ്കേതങ്ങൾ | ജില്ല | പ്രധാനപ്പെട്ട ജീവികൾ |
|---|---|---|
| പറമ്പിക്കുളം | പാലക്കാട് | വരയാട് സിംഹവാലൻ, കടുവ, പുള്ളിപ്പുലി, കരടി, ആന, കാട്ടു പോത്ത്, പുള്ളിമാൻ മ്ലാവ് |
| ചിമ്മിണി | തൃശൂർ | കുരങ്ങ്, കടുവ, പുലി, കരടി, ആന കാട്ടുപോത്ത്, മ്ലാവ്, കേഴമാൻ |
| പിച്ചി - വാഴാനി | തൃശൂർ | പുള്ളിപ്പുലി, കാട്ടുപോത്ത്, മ്ലാവ്, കേഴമാൻ |
| വയനാട് വന്യജീവി സങ്കേതം | വയനാട് | ആന, കടുവ, പുള്ളിമാൻ, കാട്ടു പോത്ത് |
| ആറളം | കണ്ണൂർ | ആന, കാട്ടുപോത്ത്, മ്ലാവ്, കേഴ മാൻ, പുള്ളിമാൻ, കാട്ടുപന്നി, പുലി, മലയണ്ണാൻ |

*കേരളത്തിലെ പ്രധാനപ്പെട്ട വന്യജീവി സങ്കേതങ്ങളാണ് ഇവിടെ കൊടുത്തത്. മറ്റ് വന്യജീവി സങ്കേതങ്ങളും കേരളത്തിലുണ്ട്.*



## വിനോദ സഞ്ചാകേന്ദ്രങ്ങൾ

തിരുവനന്തപുരം
- നെയ്യാർ
- വിഴിഞ്ഞം
- കോവളം
- വർക്കല
- പേപ്പാറ
- പൊൻമുടി

കൊല്ലം
- ശെന്തുരുണി
- അഷ്ടമുടിക്കായൽ
- പാലരുവി
- ശാസ്താംകോട്ട
- തെൻമല

പത്തനംതിട്ട
- ആറൻമുള
- ശബരിമല

ആലപ്പുഴ
- ആലപ്പുഴ ബീച്ച്
- വേമ്പനാട്ട് കായൽ

കോട്ടയം
- കുമരകം
- വാഗമൺ

ഇടുക്കി
- തേക്കടി
- മൂന്നാർ
- ആനമുടി
- ഇരവികുളം
- ചിന്നാർ

എറണാകുളം
- ഫോർട്ട്കൊച്ചി
- തട്ടേക്കാട്
- കാലടി
- വൈപ്പിൻ
- ആലുവ

തൃശൂർ
- ആതിരപ്പള്ളി
- ഗുരുവായൂർ
- ചെറുതുരുത്തി
- പീച്ചി, വാഴാനി
- വാഴച്ചാൽ

പാലക്കാട്
- നെല്ലിയാമ്പതി
- പറമ്പിക്കുളം
- പാലക്കാട് കോട്ട
- മലമ്പുഴ

മലപ്പുറം
- കോട്ടക്കൽ
- നിലമ്പൂർ
- തിരൂർ

കോഴിക്കോട്
- പെരുവണ്ണാമൂഴി
- കുറ്റ്യാടി
- ബേപ്പൂർ തുറമുഖം
- കുഞ്ഞാലിമരക്കാർ സ്മാരകം
- കാപ്പാട് കടപ്പുറം
- കല്ലായി
- തുഷാരഗിരി

വയനാട്
- മുത്തങ്ങ -വന്യജീവി സങ്കേതം
- എടയ്ക്കൽ ഗുഹ
- തോൽപ്പെട്ടി
- വയനാട് ഹെറിറ്റേജ് മ്യൂസിയം
- പൂക്കോട് തടാകം

കണ്ണൂർ
- പയ്യാമ്പലം
- മുഴപ്പിലങ്ങാട്
- കണ്ണൂർ കോട്ട
- ആറളം
- തലശ്ശേരി കോട്ട
- ഏഴിമല
- പൈതൽ മല
- കണ്ണവം.

കാസർഗോഡ്
- ബേക്കൽ കോട്ട
- റാണീപുരം.



## കൊച്ചി

കേരളത്തിലെ പ്രധാന പ്രകൃതിദത്ത തുറമുഖങ്ങളിലൊന്നാണ് കൊച്ചി. 1341 ൽ പെരിയാറിലുണ്ടായ വലിയ വെള്ളപ്പൊക്കത്തോടെയാണ് കൊച്ചി തുറമുഖം രൂപപ്പെട്ടത്. 1920 ൽ കൊച്ചിയിലെത്തിയ റോബർട്ട് ബ്രിസ്റ്റോ ആണ് കൊച്ചി തുറമുഖത്തെ ആധുനിക രീതിയിൽ നവീകരിച്ചത്. കൊച്ചി തുറമുഖത്തെ അറബിക്കടലിന്റെ റാണി എന്ന് ആദ്യമായി വിശേഷിപ്പിച്ചത് കൊച്ചി ദിവാനായിരുന്ന ആർ.കെ. ഷൺമുഖം ചെട്ടിയാണ്.

## പുന്നമടക്കായൽ

ആലപ്പുഴ ജില്ലയിലാണ് പുന്നമടക്കായൽ സ്ഥിതിചെയ്യുന്നത്. എല്ലാ വർഷവും ആഗസ്റ്റ് മാസത്തിലെ രണ്ടാമത്തെ ശനിയാഴ്ച ആലപ്പുഴയിലെ പുന്നമടക്കായലിൽ നടക്കുന്ന 'നെഹ്റു ട്രോഫി വള്ളംകളി' ഏറ്റവും പ്രസിദ്ധമായ വള്ളം കളിയാണ്. പുന്നമടക്കായൽ വേമ്പനാട്ട് കായലിന്റെ ഭാഗമാണ്.

### കേരളത്തിലെ ചിറാപുഞ്ചി

ഒരു കാലത്ത് കേരളത്തിൽ ഏറ്റവും കൂടുതൽ മഴലഭിച്ചിരുന്നത് വയനാടു ജില്ലയിലെ ലക്കിടിയിലായിരുന്നു. കേരളത്തിലെ ചിറാപുഞ്ചി എന്നായിരുന്നു ഈ പ്രദേശം അറിയപ്പെട്ടിരുന്നത്. കേരളത്തിലെ കാലാവസ്ഥാമാറ്റം ലക്കിടിയുടെ സ്ഥാനം നഷ്ടപ്പെടുത്തി. ഏറ്റവും പുതിയ കണക്ക് പ്രകാരം കേരളത്തിൽ കൂടുതൽ മഴ ലഭിക്കുന്ന പ്രദേശം എറണാകുളം ജില്ലയിലെ നേര്യമംഗലമാണ്. ഏറ്റവും കുറവ് ഇടുക്കിയിലെ ചിന്നാറിലും.

## കേരളം അടിസ്ഥാന വിവരം

| | | |
|---|---|---|
| തലസ്ഥാനം | : | തിരുവനന്തപുരം |
| വിസ്തീർണ്ണം | : | 38863 ച.കി.മീ |
| നിമയസഭാ മണ്ഡലം | : | 140 |
| ജില്ല | : | 14 |
| നദികൾ | : | 44 |
| നീളം കൂടിയ നദി | : | പെരിയാർ |
| ഉയരം കൂടിയ കൊടുമുടി | : | ആനമുടി |
| ഏറ്റവും വലിയ ജില്ല | : | പാലക്കാട് |
| ഏറ്റവും ചെറിയ ജില്ല | : | ആലപ്പുഴ |

## കേരളത്തെക്കുറിച്ച് കൂടുതലറിയാൻ

1. എന്റെ കേരളം - ലേബർ ഇന്ത്യ
2. കേരളചരിത്രം - എ. ശ്രീധരമേനോൻ
3. ഇയർബുക്ക്.

### എന്റെ പരിസര പുസ്തകത്തിലേക്ക്

- മരിയ സഞ്ചരിച്ച സ്ഥലങ്ങൾ - കുറിപ്പ്
- റെയിൽ കടന്ന് പോകുന്ന ജില്ലകൾ-പട്ടിക.
- കുട്ടികൾ സന്ദർശിച്ച സ്ഥലങ്ങൾ-പട്ടിക.
- പ്രശ്നോത്തരി ചോദ്യങ്ങൾ.
- കേരളം കുറിപ്പുകൾ.

**ക്ലാസിൽ രൂപപ്പെടേണ്ട സൃഷ്ടികൾ**

- എന്റെ കേരളം-പതിപ്പ്

**പ്രശ്ന മേഖല: സാംസ്കാരികത്തനിമയെക്കുറിച്ചും അതിന്റെ സ്വാതന്ത്ര്യവികാസത്തെക്കുറിച്ചുമുള്ള ധാരണയില്ലായ്മ**

**മോഡ്യൂൾ 2**

| ആശയങ്ങൾ | പ്രക്രിയകളും കഴിവുകളും | പ്രകടിതരൂപം | വിലയിരുത്തൽ |
|---|---|---|---|
| • സ്വന്തം ജില്ലയിൽ പ്രത്യേക പ്രാധാന്യമുള്ള സ്ഥലങ്ങളുണ്ട്. (ജില്ലാ ആസ്ഥാനം, വിമാനത്താവളം, തുറമുഖം, വിനോദ സഞ്ചാര കേന്ദ്രം, ചരിത്രസ്മാരകം - വന്യജീവിസങ്കേതം. | • കേരളത്തിന്റെ ഭൂപടത്തിൽ സ്വന്തം ജില്ലയുടെ സ്ഥാനം കണ്ടെത്തുന്നു. ജില്ലാ ഭൂപടവായന, ദ്വിതീയ വിവരശേഖരണം എന്നിവയിലൂടെ വിവരശേഖരണം നടത്തി ജില്ലയെക്കുറിച്ചുള്ള നിഗമനങ്ങൾ രൂപീകരിക്കുന്നു. | • ഭൂപടം- ജില്ല. നിറം നൽകിയത്<br>• ചുമർപത്രം | • ഭൂപടം- ടീച്ചർ, പരസ്പരം<br>• ചുമർ പത്രിക- പരസ്പരം |

പഠനസാമഗ്രികൾ : • കേരളത്തിന്റെ ഭൂപടം,ജില്ലാഭൂപടം, വായനാസാമഗ്രികൾ- ജില്ലാ ടൂറിസ്റ്റ് ഗൈഡ്, ഇയർ ബുക്കുകൾ.

പ്രതീക്ഷിത സമയം : • 1 മണിക്കൂർ

## എന്റെ ജില്ല

കേരളത്തെക്കുറിച്ചും കേരളത്തിലെ ജില്ലകളെക്കുറിച്ചും കുട്ടികൾ ചിലകാര്യങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞു. ഇനി സ്വന്തം ജില്ലയെക്കുറിച്ച് കൂടുതൽ അറിയേണ്ടതല്ലേ? തുടക്കം എങ്ങനെയായിരിക്കണം?

പാഠപുസ്തകത്തിൽ(പേജ് - 38 ൽ) കൊടുത്തിരിക്കുന്ന സംസ്ഥാന ഭൂപടത്തിൽ കുട്ടികൾ സ്വന്തം ജില്ല കണ്ടെത്തി നിറം നൽകട്ടെ. ഭൂപടം പരസ്പരം കൈമാറി നിറം നൽകിയത് ശരിയാണോയെന്ന് വിലയിരുത്തട്ടെ. അതിനുശേഷം അയൽ ജില്ലകൾക്ക് വ്യത്യസ്ത നിറങ്ങൾ നൽകാം.

**ജില്ലയിലെ സ്ഥലങ്ങൾ**

കുട്ടികൾ അവർ സന്ദർശിച്ചതും അവർക്കറിയാവുന്നതുമായ ജില്ലയിലെ സ്ഥലങ്ങളുടെ പേരുകൾ എഴുതുന്നു. ഓരോരുത്തർക്കും അവതരിപ്പിക്കാം. ഈ പേരുകൾ ടീച്ചർ ചാർട്ടിൽ രേഖപ്പെടുത്തണം. തുടർന്ന് ചോദ്യമാകാം.

- ഇത്രയും സ്ഥലങ്ങൾ മാത്രമാണോ ജില്ലയിലുള്ളത്?

കുട്ടികൾക്ക് അന്വേഷിക്കുവാനുള്ള അവസരം നൽകാം.

- എങ്ങനെയാണ് അന്വേഷിക്കുക?

പത്രങ്ങൾ, ഇയർ ബുക്ക്, ജില്ലാമാപ്പ് എന്നിവ ഓരോ ഗ്രൂപ്പിനും നൽകാം. അന്വേഷിച്ച് കണ്ടെത്തിയത് ചാർട്ടിൽ രേഖപ്പെടുത്തി പേരുകൾ വിപുലീകരിക്കാം.

- ജില്ലയെക്കുറിച്ച് മറ്റെന്തൊക്കെ അന്വേഷിക്കാം?

ജില്ലാആസ്ഥാനം, പ്രധാനപട്ടണങ്ങൾ, നദികൾ, വിനോദസഞ്ചാരകേന്ദ്രങ്ങൾ, ചരിത്രസ്മാരകങ്ങൾ, വന്യജീവിസങ്കേതങ്ങൾ, തുറമുഖങ്ങൾ. ഇവയെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് കുട്ടികൾ ലഘുകുറിപ്പ് തയാറാക്കട്ടെ.

- തയാറാക്കിയ കുറിപ്പ് ഓരോ ഗ്രൂപ്പിനും അവതരിപ്പിക്കാം. പൊതു ചർച്ചയിലൂടെ മെച്ചപ്പെടുത്താം.

**ചുമർ പത്രിക നിർമിക്കാം.**

ജില്ലയെക്കുറിച്ച് തയാറാക്കിയ കുറിപ്പുകൾ, പത്രങ്ങളിലും മാസികയിലും വന്ന ജില്ലയെക്കുറിച്ചുള്ള വാർത്തകൾ, ചിത്രങ്ങൾ എന്നിവ ഉപയോഗിച്ച് കുട്ടികൾ ചുമർപത്രിക നിർമിക്കട്ടെ.

**എന്റെ പരിസര പുസ്തകത്തിലേക്ക്**

- എന്റെ ജില്ല - കുറിപ്പ്

**ക്ലാസിൽ രൂപപ്പെടേണ്ട സൃഷ്ടികൾ**

- എന്റെ ജില്ല - ചുമർപത്രം